**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: T.373

03.02.2014-ലെ മറുപടിയ്ക്ക്

**പുതിയ ഇക്കോടൂറിസം പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സണ്ണി ജോസഫ് | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പുതിയ ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) ഇക്കോ ടൂറിസം പദ്ധതികളിൽ ഭൂരിഭാഗവും വനപ്രദേശങ്ങളിൽ ആകയാൽ വനം വകുപ്പ്, കെ.എഫ്.ഡി.സി. എന്നിവ വഴിയാണ് ഇവ നടപ്പിലാക്കുന്നത്. പുതിയ പദ്ധതികൾക്കും നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭിക്കുന്ന മുറക്ക് അവ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അംഗീകാരം നല്കുകയാണ് ചെയ്യുന്നത്. |
| (ബി) നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ പുനരുദ്ധരിക്കുന്നതിനുള്ള കാര്യങ്ങൾ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഓരോ വർഷവും പുതിയ പദ്ധതികൾക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം തന്നെ നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ പുനരുദ്ധരിക്കുന്നതിനും സഹായം നൽകാറുണ്ട്. പറമ്പിക്കുളം, സൈലന്റ്വാലി, തേക്കടി, പൊൻമുടി, കോന്നി, ഗവി, നിലമ്പൂർ, വയനാട്, ആറളം എന്നീ സ്ഥലങ്ങളിൽ |

കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ വനം വകുപ്പിൽ നിന്നും ലഭ്യമാക്കി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇന്ത്യയിലെ ആദ്യത്തെ ആസൂത്രിത ഇക്കോ ടൂറിസം പദ്ധതിയായ തെൻമലയുടെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.

| | |
|---|---|
| (സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ